# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1391 07.06.2018-ൽ മറുപടിക്ക്

**ഹയർസെക്കൻഡറി സ്ഥലം മാറ്റ മാനദണ്ഡം**

| ചോദ്യം<br>ശ്രീ.കെ.കൃഷ്ണൻകുട്ടി | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ പുതിയതായി പുറത്തിറക്കിയ സ്ഥലം മാറ്റ മാനദണ്ഡത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) സ്ഥലം മാറ്റ മാനദണ്ഡം സംബന്ധിച്ച ഉത്തരവിൽ അധ്യാപകരെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഹയർസെക്കൻഡറി പ്രിൻസിപ്പൽമാർക്ക് ട്രാൻസ്ഫർ മാനദണ്ഡത്തിൽ ഇളവ് നൽകിയതിന് പ്രത്യേക കാരണമുണ്ടോ; | (സി) ഹയർസെക്കൻഡറി പ്രിൻസിപ്പൽമാർക്ക് പ്രത്യേകമായി സ്ഥലംമാറ്റ മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത മാനദണ്ഡം പ്രിൻസിപ്പൽ ഉൾപ്പെടെ ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും ഒരേപോലെ ബാധകമാക്കാൻ നടപടിയെടുക്കുമോ? | (ഡി) ഹയർ സെക്കന്ററി അധ്യാപകർക്ക് സ്ഥലംമാറ്റ മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രിൻസിപ്പൽമാരുടെ തസ്തിക സെലക്ഷൻ തസ്തികയായതിനാലാണ് പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ കൊണ്ടുവരാത്തത്. ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ മറ്റുള്ള ജീവനക്കാർക്ക് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങളാണ് ബാധകമാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.

ഭരണസംബന്ധം



**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ. (പി.) നം.06/2017/പൊവി — തീയതി, തിരുവനന്തപുരം, 03/04/2017

പരാമർശം:- (1) 10/09/2004-ലെ സ.ഉ (പി.) നമ്പർ 12/2004/ഉ.ഭ.പ.വ.
(2) 27.05.2015-ലെ സ.ഉ(പി) നം. 143/2015/പൊവി.വ.
(3) 26/10/2015-ലെ സ.ഉ (സാധാ) നം.5035/2015/പൊ.വി.വ.
(4) ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 31.08.2016-ലെ O.A No. 1367/15, O.A No. 1276/15 നമ്പർ കേസ്സുകളിന്മേലുള്ള ഉത്തരവ്.
(5)ഹയർ സെക്കന്ററി ഡയറക്ടറുടെ 24/11/2016-ലെ എഡി.സി6 47568/HSE/2016 നമ്പർ കത്ത്.
(6) 25.02.2017-ലെ സ.ഉ(പി) നം. 03/2017/ ഉ.ഭ.പ.വ.

## ഉത്തരവ്

സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും താഴെപ്പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

1. **പൊതു സ്ഥലംമാറ്റം**:-

**i.** പൊതുസ്ഥലംമാറ്റം മധ്യവേനൽ അവധിക്കാലത്ത് വർഷത്തിൽ ഒരിക്കൽ താഴെപ്പറയും പ്രകാരമുള്ള സമയക്രമമനുസരിച്ച് നടത്തേണ്ടതാണ്.

a. അപേക്ഷ സമർപ്പണം : **ഫെബ്രുവരി 1 മുതൽ ഫെബ്രുവരി 15 വരെ** (2017-18 വർഷത്തിൽ ഏപ്രിൽ 15 മുതൽ 30 വരെ).

b. കരട് സ്ഥലംമാറ്റ ലിസ്റ്റ് പ്രസിദ്ധീകരണം : **ഏപ്രിൽ 1 നും 15 നും ഇടയിൽ** (2017-18 വർഷത്തിൽ മേയ് 2-നും 15-നും ഇടയിൽ).

c. കരട് ലിസ്റ്റ് സംബന്ധിച്ച പരാതി സമർപ്പിക്കൽ : **ഏപ്രിൽ 16 നും ഏപ്രിൽ 30 നും ഇടയിൽ**

(2017-18 വർഷത്തിൽ മേയ് 16-നും 23-നും ഇടയിൽ).

d. സ്ഥലംമാറ്റ ഉത്തരവ് : **മേയ് 15-നകം** (2017-18 വർഷത്തിൽ മേയ് 30-നകം)

(ii) ഹയർ സെക്കന്ററി അധ്യാപകരുടെ പൊതു സ്ഥലംമാറ്റം ഓൺലൈൻ മുഖാന്തിരം മാത്രമേ നടത്താൻ പാടുള്ളൂ.

(iii) പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റം കഴിവതും ഹയർ സെക്കന്ററി അധ്യാപകരുടെ സ്ഥലംമാറ്റത്തിനു മുമ്പ് നടത്തേണ്ടതാണ്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രാവർത്തികമാക്കുന്നത് അധ്യാപക സ്ഥലംമാറ്റത്തോടൊപ്പമായിരിക്കും

(iv) പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റത്തെയോ നിയമനത്തെയോ തുടർന്ന് ഏതെങ്കിലും ഹയർ സെക്കന്ററി അധ്യാപകന്/അധ്യാപികയ്ക്ക് സ്കൂൾമാറ്റം അനിവാര്യമാകുകയാണെങ്കിൽ അതേ വിദ്യാഭ്യാസ ജില്ലയിലെ അതേ വിഷയത്തിലെ ഔട്ട്സ്റ്റേഷൻ സർവ്വീസ് ഏറ്റവും കുറഞ്ഞ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകനെ/അധ്യാപികയെ സ്ഥലംമാറ്റ മാനദണ്ഡം പ്രകാരം മാറ്റി നിയമിക്കുന്നതാണ്.

## 2. ഓപ്പൺ വേക്കൻസി

i. ഒരു ഹോംസ്റ്റേഷനിൽ അഞ്ച് അക്കാദമിക് വർഷം സേവനം പൂർത്തിയാക്കിയ തസ്തികകളും തനത് അക്കാദമിക വർഷത്തിൽ ജൂൺ 1 മുതൽ മെയ് 31 വരെയുള്ള റിട്ടയർമെന്റ് ഒഴിവുകളും പുതുതായി ഉണ്ടാകുന്ന ഒഴിവുകളും ഓപ്പൺ വേക്കൻസികളായി ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ വിജ്ഞാപനം ചെയ്യേണ്ടതാണ്.

ii. അഞ്ചുവർഷം പൂർത്തിയായ തസ്തികകളും റിട്ടയർമെന്റ് ഒഴിവുകളും പുതിയ ഒഴിവുകൾ എന്നിവ പരിഗണിക്കുന്നത് ഔട്ട് സ്റ്റേഷനിൽ നിന്നും ഹോം സ്റ്റേഷനിലേക്കുള്ള സ്ഥലംമാറ്റത്തിനു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

iii. പൊതുസ്ഥലംമാറ്റത്തിന് ആവശ്യമായ സ്കൂളുകൾ തെരഞ്ഞെടുക്കാനുള്ള അവസരം അധ്യാപകർക്ക് ലഭിക്കുന്നതാണ്.

## 3. അപേക്ഷ

i. അതത് വർഷം മാർച്ച് 31-ാം തീയതി മൂന്നുവർഷം പൂർത്തിയാക്കിയ അധ്യാപകർ മാത്രമേ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ പാടുള്ളൂ.

ii. പൊതുസ്ഥലംമാറ്റത്തിന് ശേഷം നിലനിൽക്കുന്ന ഓപ്പൺ വേക്കൻസികളിൽ നടത്തുന്ന അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറിന് ഹയർ സെക്കന്ററി അധ്യാപക സേവനത്തിലിരിക്കുന്ന ആർക്കും അപേക്ഷിക്കാവുന്നതാണ്.

iii. ഹയർ സെക്കന്ററി അധ്യാപകരുടെ സ്ഥലംമാറ്റ അപേക്ഷകൾ പ്രിൻസിപ്പൽ മുഖാന്തിരം മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ. അല്ലാത്തവ പരിഗണിക്കുകയില്ല.

iv. അധ്യാപകരുടെ സ്ഥലംമാറ്റത്തിനുള്ള പരസ്പരമാറ്റ അപേക്ഷകൾ, നിശ്ചിത തീയതിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ എന്നിവ നിരുപാധികം നിരസിക്കുന്നതാണ്.

v. ഹയർ സെക്കന്ററി സർവ്വീസ് ദൈർഘ്യം മാത്രമായിരിക്കും സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം. (അനുകമ്പാർഹ സ്ഥലംമാറ്റവും മുൻഗണനാ വിഭാഗങ്ങളുടെ സ്ഥലംമാറ്റവും ഒഴികെ).

vi. മുൻഗണനാ വിഭാഗങ്ങൾക്കൊഴികെ ഹോം സ്റ്റേഷനിലേക്കുള്ള മാറ്റത്തിനുള്ള മാനദണ്ഡം ഹോംസ്റ്റേഷന് പുറത്തുള്ള സേവന ദൈർഘ്യമായിരിക്കും.

vii. താൽക്കാലികമായോ സ്ഥിരമായോ പ്രിൻസിപ്പൽ തസ്തിക വേണ്ടെന്നു വയ്ക്കുന്നവർക്ക് സ്ഥലംമാറ്റത്തിൽ നിന്നും യാതൊരുവിധ പരിരക്ഷയും ഉണ്ടായിരിക്കുന്നതല്ല.

## 4. <u>വെയിറ്റേജ്</u>

i. ഹോംസ്റ്റേഷനു പുറത്തുള്ള സേവനത്തിന് ദൂരപരിധി കണക്കിലെടുത്ത് താഴെപ്പറയും പ്രകാരം വെയ്റ്റേജ് നൽകുന്നതാണ്:-

a. ഹോംസ്റ്റേഷനിൽ നിന്നും 200 കിലോമീറ്റർ വരെ മുൻഗണന ഇല്ല.

b. ഹോംസ്റ്റേഷനിൽ നിന്നും 201 കിലോമീറ്റർ മുതൽ 400 കിലോമീറ്റർ വരെ 1 വർഷം സേവനം = 1 1/4 വർഷം.

c. 401 കിലോമീറ്റർ മുതൽ മുകളിലുള്ള ദൂരം - 1 വർഷം = 1 1/2 വർഷം.

(ii) കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി മറ്റേതെങ്കിലും ജില്ലകളിലെ വിദൂര പ്രദേശങ്ങൾ, മലയോര മേഖലകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് 1 വർഷസേവനം 1 1/2 വർഷ സേവനമായി പരിഗണിക്കും. രണ്ടു വർഷത്തിൽ കുറഞ്ഞ സർവ്വീസുള്ളവരെ ഈ ആനുകൂല്യത്തിന് പരിഗണിക്കുകയില്ല. (ഇത്തരം സ്കൂളുകളുടെ ലിസ്റ്റ് ഹയർ സെക്കന്ററി ഡയറക്ടർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്.)

(iii) പുറം സേവനം 3 വർഷം പൂർത്തിയാക്കിയ അധ്യാപികയ്ക്ക്/അധ്യാപകന് അവർ തെരഞ്ഞെടുത്ത ഹോംസ്റ്റേഷനിലേക്ക് മാറ്റം അനുവദിക്കുന്നതിന് ഒഴിവുകൾ നിലവിലില്ലെങ്കിൽ 3 വർഷമെങ്കിലും പുറംസേവനം (ഔട്ട് സ്റ്റേഷൻ സർവ്വീസ്) ഇല്ലാത്ത അധ്യാപകൻ/അധ്യാപികയെ ഹോംസ്റ്റേഷനിൽ നിന്നും സ്ഥലംമാറ്റുന്നതാണ്. ഇപ്രകാരമുള്ള മാറ്റങ്ങൾ താഴെപറയുന്ന ക്രമത്തിൽ പാലിച്ചുകൊണ്ടായിരിക്കും.

a. ഹോംസ്റ്റേഷനുപുറത്ത് തീരെ ജോലിചെയ്തിട്ടില്ലാത്തവരിൽ സർവ്വീസിൽ ഏറ്റവും

ജൂനിയർമാർ.

b. പുറംസേവനം (ഔട്ട് സ്റ്റേഷൻ സർവ്വീസ്) ഒരു വർഷമോ അതിൽ കുറവോ ഉള്ളവരിൽ സർവ്വീസിൽ ഏറ്റവും ജൂനിയർമാർ.

c. പുറം സേവനം (ഔട്ട് സ്റ്റേഷൻ സർവ്വീസ്) രണ്ടുവർഷമോ അതിൽ കുറവോ ഉള്ളവരിൽ സർവ്വീസിൽ ഏറ്റവും ജൂനിയർമാർ.

## 5. ഹോംസ്റ്റേഷൻ

(i) പരസ്ഥലംമാറ്റത്തിനായി മുഴുവൻ ഗവൺമെന്റ് ഹയർസെക്കന്ററി അധ്യാപകർക്കും ഒരു ഹോം സ്റ്റേഷൻ തെരഞ്ഞെടുക്കാവുന്നതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള വിദ്യാഭ്യാസ ജില്ലയായിരിക്കും ഹോം സ്റ്റേഷൻ. എല്ലാ അധ്യാപിക-അധ്യാപകരും ഡിസംബറിനു മുമ്പായി സ്വന്തം ഹോം സ്റ്റേഷൻ പ്രിൻസിപ്പാൾ മുഖാന്തിരം ഹയർ സെക്കന്ററി ഡയറക്ടറെ അറിയിക്കേണ്ടതാണ്.

(ii) ഇത്തരത്തിൽ നിശ്ചിത സമയപരിധിക്കകം ഹോംസ്റ്റേഷൻ നിശ്ചയിച്ച് ഡയറക്ടറെ അറിയിക്കാത്ത അധ്യാപിക/അധ്യാപകന്റെ ഹോം സ്റ്റേഷൻ അവർ നിലവിൽ ജോലി ചെയ്യുന്ന വിദ്യാഭ്യാസ ജില്ലയായി നിജപ്പെടുത്തുന്നതാണ്. സർവ്വീസ് കാലയളവിൽ ഒരു തവണ ഹോംസ്റ്റേഷൻ മാറ്റം വരുത്താവുന്നതാണ്. ഒരധ്യാപകൻ/അധ്യാപിക ഹോംസ്റ്റേഷനിലെ ഏതെങ്കിലും സ്കൂളിൽ നിർവ്വഹിക്കപ്പെട്ട സർവ്വീസും നിലവിൽ ജോലി ചെയ്യുന്ന സ്കൂളിന്റെ 25 കിലോമീറ്റർ ചുറ്റളവിലുള്ള സ്കൂളുകളിൽ നിർവ്വഹിക്കപ്പെട്ട സേവനവും (ആയത് മറ്റൊരു വിദ്യാഭ്യാസ ജില്ലയിലാണെങ്കിൽ പോലും) ഹോംസ്റ്റേഷൻ സർവ്വീസ് ആയി പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച സ്കൂൾ മാപ്പിംഗ് ഹയർ സെക്കന്ററി ഡയറക്ടർ പുറപ്പെടുവിക്കുന്നതാണ്.

## 6. അനുകമ്പാർഹമായ കാരണങ്ങൾ

i. ഗുരുതരമായ ഏതെങ്കിലും അസുഖമോ (ഗുരുതരമായ അസുഖങ്ങൾ എന്നത് ഗുരുതരമായ രോഗങ്ങളായ ക്യാൻസർ, മേജർ ഓപ്പറേഷൻ ആവശ്യമായ ഹൃദ്രോഗം, പക്ഷാഘാതം, ഡയാലിസിസ് ആവശ്യമായ വൃക്ക രോഗം എന്നിവയും കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റിവയ്ക്കലിന് വിധേയരായവർ) അപകടമോ മൂലം ഒരു ജീവനക്കാരന് സ്ഥായിയായ അവശത സംഭവിക്കുകയും ആയത് മൂലം ജീവനക്കാരന് പരസഹായത്തിനായി ആശ്രയിക്കേണ്ടതായി വരുക.

ii. വിദഗ്ധ ചികിത്സ മറ്റൊരിടത്തും ലഭ്യമല്ലായെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തുക.

iii. ജീവനക്കാരന്റെ ഭാര്യയ്ക്കോ (ജീവനക്കാരിയാണെങ്കിൽ ഭർത്താവിനോ) ഗുരുതരമായ രോഗം പിടിപെട്ടതും ജീവനക്കാരനെ പൂർണ്ണമായും ആശ്രയിച്ച

കഴിയുന്നതുമായ മകനോ മകൾക്കോ മാതാവിനോ പിതാവിനോ ജീവനക്കാരന്റെ/ജീവനക്കാരിയുടെ സാന്നദ്ധ്യവും പരിചരണവും അത്യന്താപേക്ഷിതമാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തുമ്പോൾ.

iv. അനുകമ്പാർഹമായ സ്ഥലമാറ്റങ്ങൾ ആകെ സ്ഥലംമാറ്റങ്ങളുടെ 10% ആയി നിജപ്പെടുത്തുന്നതും ഇത്തരം സ്ഥലംമാറ്റങ്ങൾ വർഷംതോറും പുനഃപരിശോധിക്കേണ്ടതുമാണ്.

v. അനുകമ്പാർഹ സ്ഥലംമാറ്റ അപേക്ഷകൾ ഹയർസെക്കന്ററി ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വിദഗ്ദനായ മെഡിക്കൽ ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിച്ചുമാത്രം നടത്തുന്നതാണ്.

vi. അനുകമ്പാർഹ സ്ഥലംമാറ്റങ്ങൾക്ക് താഴെപറയുന്ന മുൻഗണനാക്രമം പാലിക്കുന്നതാണ്:-

a) രോഗബാധിതനായ അധ്യാപിക/അധ്യാപകൻ.

b) അധ്യാപിക/അധ്യാപകന്റെ രോഗബാധിതരായ ഭർത്താവ്/ഭാര്യ/മക്കൾ

c) അധ്യാപിക/അധ്യാപകന്റെ അഥവാ അവരുടെ ഭർത്താവിന്റെ/ഭാര്യയുടെ രോഗബാധിതരായ അച്ഛൻ/അമ്മ (അവർ അധ്യാപിക/ അധ്യാപകനോടൊപ്പം താമസിക്കുന്നവരെങ്കിൽ മാത്രം.)

## 7. പ്രത്യേക മുൻഗണന (പ്രഥമഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾ) 25/02/2017-ലെ സ.ഉ (പി) നം.3/2017/ഉ.ഭ.പ.വ- ന്റെ അനുബന്ധ പ്രകാരം.

i. പ്രഥമഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾക്ക് സ്ഥലം മാറ്റത്തിന് പ്രത്യേക പരിഗണന നൽകുന്നതാണ്. ഇപ്രകാരമുള്ള സ്ഥലംമാറ്റത്തിന് ഒരിക്കൽ മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

ii. പ്രസ്തുത സ്ഥലംമാറ്റത്തിന് അഞ്ചുവർഷത്തെ മാത്രം പ്രൊട്ടക്ഷൻ ലഭിക്കുന്നതാണ്. ഇപ്രകാരമുള്ള സ്ഥലംമാറ്റങ്ങൾ അതത് കാറ്റഗറി/വിഷയത്തിന്റെ 20% -ത്തിൽ അധികരിക്കാൻ പാടില്ല, മൂന്നുവർഷ സേവനം പൂർത്തീകരിച്ചവർക്കുമാത്രമേ ഈ വിഭാഗത്തിനുള്ള മുൻഗണനയ്ക്ക് അർഹതയുണ്ടാവൂ.

iii. മുൻഗണന തെളിയിക്കുന്നതിനുള്ള രേഖകൾ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം ഹയർ സെക്കന്ററി ഡയറക്ടർക്ക് തപാൽമാർഗ്ഗവും ഓൺലൈനിലും സമർപ്പിക്കേണ്ടതാണ്.

iv. പരിരക്ഷിക്കപ്പെട്ട പ്രഥമ ഗണനീയ വിഭാഗങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 8. മറ്റുള്ളവ

i. രണ്ട് പൊതുസ്ഥലംമാറ്റങ്ങൾക്കിടയിലുണ്ടാകുന്ന റിട്ടയർമെന്റ് ഒഴിവുകൾ, പുതിയ ഒഴിവുകൾ എന്നിവയിലേയ്ക്ക് ഒഴിവുകളില്ലാത്ത കാരണത്താൽ സ്ഥലംമാറ്റത്തിന് പരിഗണിക്കാൻ കഴിയാതെ വന്ന സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുന്നതും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാത്രം സ്ഥലംമാറ്റം നൽകുന്നതാണ്.

ii. പി.എസ്.സി മുഖേനയോ/ ബൈട്രാൻസ്ഫർ വഴിയോ നടത്തുന്ന നിയമനങ്ങൾ തികച്ചും കണ്ടീഷണൽ നിയമനങ്ങളായിരിക്കും. അത്തരം നിയമനങ്ങൾ നൽകിയ തസ്തികകൾ ഓപ്പൺ ഒഴിവുകളായി തുടർന്നുണ്ടാകുന്ന പൊതുസ്ഥലംമാറ്റത്തിൽ വ്യവസ്ഥപ്പെടുത്തി കണ്ടീഷണൽ നിയമനം ലഭിച്ച അധ്യാപിക/അധ്യാപകനെ മറ്റു വിദ്യാലയങ്ങളിലേക്ക് മാറ്റി നിയമിക്കുന്നതുമാണ്.

iii. മൂന്നുവർഷത്തെ പുറംസേവനത്തിനുശേഷം ട്രാൻസ്ഫർ ലഭിച്ച് ഹോംസ്റ്റേഷനിൽ എത്തിയവരെ സാധാരണ നിലയിൽ തുടർന്ന് അഞ്ചു അക്കാദമിക വർഷത്തേക്ക് സ്ഥലം മാറ്റുന്നതല്ല. എന്നാൽ പ്രമോഷനോ മറ്റ് ആകസ്മിക സാഹചര്യങ്ങളോ ഉണ്ടായാൽ മേൽ വ്യവസ്ഥ ബാധകമായിരിക്കുകയില്ല.

iv. പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെ അന്യത്ര സേവനകാലം ഹോംസ്റ്റേഷനിലാണെങ്കിൽ സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റിക്ക് പരിഗണിക്കുകയില്ല. മറ്റ് സേവനങ്ങളിലോ/വിദേശത്തോ/ഇന്ത്യക്കുള്ളിലോ മെച്ചപ്പെട്ട തൊഴിൽ തേടുന്നതിനുവേണ്ടിയുള്ള ശമ്പളരഹിത അവധിക്കാലം മറ്റു വകുപ്പുകളിലെ അന്യത്രസേവനകാലം, മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാതെയുള്ള ശമ്പളരഹിത അവധിക്കാലം എന്നിവ ഹോംസ്റ്റേഷനിലാണെങ്കിൽ പോലും സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റിക്ക് പരിഗണിക്കുകയില്ല.

v. ഹോംസ്റ്റേഷനിൽ നിന്ന് പുറത്തു പോകുന്നവരിൽ ഏറ്റവും ഔട്ട്സ്റ്റേഷൻ സർവ്വീസ് കുറഞ്ഞ ആളും ഹോംസ്റ്റേഷനിലേയ്ക്ക് വരുന്നവരിൽ ഏറ്റവും ഔട്ട്സ്റ്റേഷൻ സർവ്വീസ് കുറഞ്ഞ ആളും തമ്മിൽ ഔട്ട്സ്റ്റേഷൻ സർവ്വീസിൽ കുറഞ്ഞത് ഒരു വർഷത്തെയെങ്കിലും വ്യത്യാസമുണ്ടായിരിക്കണം.

vi. സ്ഥലംമാറ്റത്തിനു നിയന്ത്രണമേർപ്പെടുത്തുന്ന ശതമാനങ്ങളെല്ലാം വിഷയാടിസ്ഥാനത്തിലായിരിക്കും. എന്നാൽ അനുകമ്പാർഹ സ്ഥലംമാറ്റത്തിന് ഇത് ബാധകമായിരിക്കുകയില്ല

vii. ഹോംസ്റ്റേഷനകത്ത് ഒരു വിദ്യാലയത്തിൽ മൂന്നു വർഷം ജോലി ചെയ്തവർക്ക് അതേ ഹോംസ്റ്റേഷനകത്ത് മറ്റൊരു വിദ്യാലയത്തിലേയ്ക്ക് മാറ്റം ആവശ്യപ്പെടാവുന്നതാണ്. ഇത്തരം സാഹചര്യത്തിൽ സ്ഥലംമാറ്റപ്പെടുന്നയാൾ മാറ്റം ആവശ്യപ്പെട്ട സ്കൂളിലെ ഏറ്റവും കൂടുതൽ സർവ്വീസ് പൂർത്തിയാക്കിയവരായിരിക്കും. എന്നാൽ ഹോംസ്റ്റേഷനകത്ത് ജോലി ചെയ്യുന്ന ആർക്കും അയാളുടെ ഹോംസ്റ്റേഷനകത്തുള്ള മറ്റ് വിദ്യാലയങ്ങളിലേക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷിക്കാവുന്നതും ഓപ്പൺ ഒഴിവുകൾ നിലവിലുണ്ടെങ്കിൽ മാത്രം അത്തരം സ്ഥലംമാറ്റങ്ങൾ അനുവദിക്കുന്നതുമാണ്.

viii. ഉദ്യോഗത്തിൽ നിന്നും വിരമിക്കാൻ രണ്ട് വർഷം മാത്രമുള്ള ജീവനക്കാരെ, ആദ്യം വിരമിക്കേണ്ടവർക്ക് മുൻഗണന നൽകിക്കൊണ്ട് അവരുടെ ആവശ്യാനുസരണമുള്ള സ്റ്റേഷനുകളിലെ ഒഴിവുകളിൽ നിയമിക്കേണ്ടതാണ്.

ix. അംഗീകൃത പരിശീലനം പൂർത്തിയാക്കിയ എൻ.സി.സി ചുമതലയുള്ള അധ്യാപിക/അധ്യാപകന് അവരുടെ യൂണിറ്റ് പ്രവർത്തിക്കുന്ന സ്കൂളിൽ അവർ താൽപ്പര്യപ്പെടുന്ന പക്ഷം 5 വർഷം വരെ തുടരാൻ അനുവദിക്കാവുന്നതാണ്.

x. ഓപ്ഷൻ/നിർബന്ധിതം/അനുകമ്പാർഹം/പൊതുതാൽപര്യാർത്ഥം/പ്രത്യേക മുൻഗണന മുതലായവ മുഖേനയുള്ള സ്ഥലംമാറ്റത്തിന്റെ സ്വഭാവം സ്ഥലംമാറ്റ ഉത്തരവിൽ പ്രത്യേക കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ഉഷ ടൈറ്റസ്,**
**ഗവൺമെന്റ് സെക്രട്ടറി.**

ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ്& ന്യൂ മീഡിയ, തിരുവനന്തപുരം (ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
പൊതുവിദ്യാഭ്യാസ (റ്റി/എസ് സി) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

## കേരള സർക്കാർ

### സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഭേദഗതി ചെയ്ത് കൊണ്ട് പുറപ്പെടുവിച്ച 03.04.2017-ലെ സ.ഉ(പി)നം. 6/17/പൊവി നമ്പർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ. (പി.) നം.10/2017/പൊവി — തീയതി, തിരുവനന്തപുരം, 15/05/2017

---

പരാമർശം:- 03.04.2017-ലെ സ.ഉ(പി) നം. 06/2017/ പൊവിവ.

### ഉത്തരവ്

സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഭേദഗതി ചെയ്തുകൊണ്ടുള്ള പരാമർശം സർക്കാർ ഉത്തരവിലെ ഖണ്ഡിക 3(vii) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

**"പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള പ്രമോഷൻ 22.09.2014-ന മുമ്പ് താല്ക്കാലികമായോ സ്ഥിരമായോ ഉപേക്ഷിച്ചിട്ടുള്ള ഹയർ സെക്കന്ററി അധ്യാപകർക്ക് പൊതുസ്ഥലം മാറ്റത്തിൽ നിന്നും പരിരക്ഷ ഉണ്ടായിരിക്കുന്നതാണ്."**

**2.** പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.എൻ.സുജാത**

**ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി.**

ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ്& ന്യൂ മീഡിയ, തിരുവനന്തപുരം (ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
പൊതുവിദ്യാഭ്യാസ (റ്റി/എസ് സി) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പ്രസിദ്ധീകരണം

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച 03.04.2017-ലെ സ.ഉ(പി) നം.06/2017/പൊവി ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

## പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ. (പി.) നം.01/2018/പൊവി തീയതി, തിരുവനന്തപുരം, 09/02/2018

---

പരാമർശം:- (1) 03.04.2017-ലെ സ.ഉ(പി) നം.06/2017/പൊവി

(2) ഉദ്യോഗസ്ഥഭരണ പരിഷ്കാരവകുപ്പിന്റെ (എ.ആർ-14) വകുപ്പിന്റെ 05.07.2017-ലെ എ.ആർ 14-1/89/2017-ഉഭപവ നമ്പർ കത്ത്.

(3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20.12.2017-ലെ O.A No. 1019, 1211, 1574, 1599, 1604, 1607, 1608, 1617, 1632, 1660,1721, 2005, 2006, 2071, 2114, 2126, 2127,2135, 2136, 2144, 2167, 2169, 2171, 2184, 2196, 2198, 2207, 2209, 2216, 2217, 2218, 2220, 2223,2226, 2229 & 2240 നമ്പർ കേസ്സുകളിന്മേലുള്ള ഉത്തരവ്.

(4) ഹയർ സെക്കന്ററി ഡയറക്ടറുടെ 07/02/2018-ലെ എഡി.സി6/ 70044/HSE/2017 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ചുകൊണ്ടുള്ള പരാമർശം (1)-ലെ സർക്കാർ ഉത്തരവ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഖണ്ഡിക 2(ii), ഖണ്ഡിക 5(i) & 5(ii) എന്നിവയും ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ പരാമർശം (3)-ലെ കത്തിന്റെ അടിസ്ഥാനത്തിൽ ഖണ്ഡിക 3(i)ഉം ചുവടെ ചേർക്കും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

| നിലവിലുള്ളത് | ഭേദഗതി |
|---|---|
| **2(ii)** അഞ്ചുവർഷം പൂർത്തിയായ തസ്തികകൾ, റിട്ടയർമെന്റ് ഒഴിവുകൾ, പുതിയ ഒഴിവുകൾ, എന്നിവ പരിഗണിക്കുന്നത് ഔട്ട് സ്റ്റേഷനിൽ നിന്നും ഹോം സ്റ്റേഷനിലേക്കുള്ള സ്ഥലം മാറ്റത്തിന് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു | അഞ്ചുവർഷം പൂർത്തിയായ തസ്തികകൾ, റിട്ടയർമെന്റ് ഒഴിവുകൾ, പുതിയ ഒഴിവുകൾ എന്നിവയിലേയ്ക്ക് 3 വർഷം സർക്കാർ ഹയർ സെക്കന്ററി അധ്യാപക തസ്തികയിൽ റഗുലർ സർവ്വീസ് പൂർത്തിയായവർക്ക് അപേക്ഷിക്കാവുന്നതാണ്. |

| | |
|---|---|
| | ഒപ്പം 5 വർഷം പൂർത്തിയായ കാരണത്താൽ ട്രാൻസ്ഫർ സാധ്യത ആയ അധ്യാപകർക്കും അവരവരുടെ മാതൃജില്ല ഉൾപ്പെടെയുള്ള ജില്ലകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. ഹോം സ്റ്റേഷനിലേക്കുള്ള മാറ്റത്തിനുള്ള മാനദണ്ഡം ഹോം സ്റ്റേഷന് പുറത്തുള്ള സേവന ദൈർഘ്യമാത്രമായിരിക്കും. |
| **5(i)** പൊതുസ്ഥലംമാറ്റത്തിനായി മുഴവൻ ഗവൺമെന്റ് ഹയർസെക്കന്ററി അധ്യാപകർക്കും ഒരു ഹോം സ്റ്റേഷൻ തെരഞ്ഞെടുക്കാവുന്നതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള വിദ്യാഭ്യാസ ജില്ലയായിരിക്കും ഹോം സ്റ്റേഷൻ. എല്ലാ അധ്യാപിക-അധ്യാപകരും ഡിസംബറിനു മുമ്പായി സ്വന്തം ഹോം സ്റ്റേഷൻ പ്രിൻസിപ്പാൾ മുഖാന്തിരം ഹയർ സെക്കന്ററി ഡയറക്ടറെ അറിയിക്കേണ്ടതാണ്. | പൊതു സ്ഥലംമാറ്റത്തിനായി മുഴവൻ ഗവൺമെന്റ് ഹയർസെക്കന്ററി അധ്യാപകർക്കും ഒരു ഹോം സ്റ്റേഷൻ തെരഞ്ഞെടുക്കാവുന്നതാണ്. റവന്യൂ ജില്ലയായിരിക്കും ഹോം സ്റ്റേഷൻ. എല്ലാ അധ്യാപിക-അധ്യാപകരും ഡിസംബറിനു മുമ്പായി സ്വന്തം ഹോം സ്റ്റേഷൻ പ്രിൻസിപ്പാൾ മുഖാന്തിരം ഹയർ സെക്കന്ററി ഡയറക്ടറെ അറിയിക്കേണ്ടതാണ്. |
| **5(ii)** ഇത്തരത്തിൽ നിശ്ചിത സമയപരിധിക്കകം ഹോംസ്റ്റേഷൻ നിശ്ചയിച്ച് ഡയറക്ടറെ അറിയിക്കാത്ത അധ്യാപിക/അധ്യാപകന്റെ ഹോം സ്റ്റേഷൻ അവർ നിലവിൽ ജോലി ചെയ്യുന്ന വിദ്യാഭ്യാസ ജില്ലയായി നിജപ്പെടുത്തുന്നതാണ്. സർവ്വീസ് കാലയളവിൽ ഒരു തവണ ഹോംസ്റ്റേഷൻ മാറ്റം വരുത്താവുന്നതാണ്. ഒരധ്യാപകൻ/അധ്യാപിക ഹോംസ്റ്റേഷനിലെ ഏതെങ്കിലും സ്കൂളിൽ നിർവ്വഹിക്കപ്പെട്ട സർവ്വീസും നിലവിൽ ജോലി ചെയ്യുന്ന സ്കൂളിന്റെ 25 കിലോമീറ്റർ ചുറ്റളവിലുള്ള സ്കൂളുകളിൽ നിർവ്വഹിക്കപ്പെട്ട സേവനവും (ആയത് മറ്റൊരു വിദ്യാഭ്യാസ ജില്ലയിലാണെങ്കിൽ പോലും) ഹോംസ്റ്റേഷൻ സർവ്വീസ് ആയി പരിഗണിക്കുന്നതാണ്. ഇതു സംബന്ധിച്ച സ്കൂൾ മാപ്പിംഗ് ഹയർ സെക്കന്ററി ഡയറക്ടർ പുറപ്പെടുവിക്കുന്നതാണ്. | ഇത്തരത്തിൽ നിശ്ചിത സമയപരിധിക്കകം ഹോംസ്റ്റേഷൻ നിശ്ചയിച്ച് ഡയറക്ടറെ അറിയിക്കാത്ത അധ്യാപിക/അധ്യാപകന്റെ ഹോം സ്റ്റേഷൻ അവർ നിലവിൽ ജോലി ചെയ്യുന്ന റവന്യൂ ജില്ലയായി നിജപ്പെടുത്തുന്നതാണ്. സർവ്വീസ് കാലയളവിൽ ഒരു തവണ ഹോംസ്റ്റേഷൻ മാറ്റം വരുത്താവുന്നതാണ്. |
| 3(i) അതത് വർഷം മാർച്ച് 31-ാം തീയതി മൂന്നുവർഷം പൂർത്തിയാക്കിയ അധ്യാപകർ മാത്രമേ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ പാടുള്ളൂ. | അതത് വർഷം ആഗസ്റ്റ് 31-ാം തീയതി മൂന്നുവർഷം പൂർത്തിയാകുന്ന അധ്യാപകർ മാത്രമേ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ പാടുള്ളൂ. |

2. പരാമർശം 1-ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

3. ബഹു. അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 3-ലെഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ഗോപാലകൃഷ്ണ ഭട്ട്,**

**ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.**

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്തോടു കൂടി)

ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.

എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ്& ന്യൂ മീഡിയ, തിരുവനന്തപുരം (ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)

പൊതുവിദ്യാഭ്യാസ (റ്റി/എസ് സി) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.